**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 540**
**29.10.2019-ന് മറുപടി നൽകേണ്ടത്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഉന്നമനം**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.എ.എൻ.ഷംസീർ, ശ്രീമതി.യു പ്രതിഭ ശ്രീ.എം. നൗഷാദ്, ശ്രീ.കെ.ബാബു** | **ഡോ. റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| എ. | യു.ഡി.എഫ്. സർക്കാരുകളുടെ കാലത്ത് വൻ പ്രതിസന്ധിയിലായിരുന്ന കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായക ശക്തിയാകാവുന്ന സാമ്പത്തിക സ്ഥാപനമെന്ന നിലയിലേയ്ക്ക് കെ.എഫ്.സി.യെ എത്തിക്കുന്നതിനായി കെ.എഫ്.സി.യുടെ ഡയറക്ടർ ബോർഡിനെ പ്രൊഫഷണലായി പുന:സംഘടിപ്പിച്ചു.<br><br>കിട്ടാക്കടം കുറയ്ക്കുന്നതിനായി ഉദാരമായ വ്യവസ്ഥകളോടെ വായ്പ അദാലത്ത് സംഘടിപ്പിച്ച് കിട്ടാക്കട വായ്പകൾ തീർപ്പാക്കി 80 കോടി രൂപയോളം സമാഹരിച്ചു.<br><br>മികച്ച സംരംഭകരെ കണ്ടെത്താനായി പലിശ 5% കുറച്ച് 9.5% എന്ന അടിസ്ഥാന നിരക്കിലേക്ക് മാറി. റേറ്റിംഗിന്റെ അടിസ്ഥാനത്തിൽ സംരംഭകരുടെ പലിശ തീരുമാനിക്കും. ഉപഭോക്താക്കൾക്കിടയിൽ പ്രചാരണം നടത്താൻ പ്രത്യേക മാർക്കറ്റിംഗ് വിഭാഗം തുടങ്ങി. ഒരു വായ്പ അപേക്ഷ ലഭിച്ചാൽ അത് നൽകാനാകുമോ എന്ന് പരിശോധിച്ച് ഏഴ് ദിവസത്തിനകം മറുപടി നൽകുന്ന സംവിധാനം ഉണ്ടാക്കി. വായ്പ അപേക്ഷകൾ പ്രോസ്സസ്സ് ചെയ്യുന്നതിനായി മൂന്ന് സോണൽ മാനേജർമാരുടെ കീഴിലായി അപ്രൈസൽ ഹബുകൾ സ്ഥാപിച്ചു. വരുന്ന അപേക്ഷകളുടെ നഷ്ട സാധ്യത പരിശോധിക്കുന്നതിനായി റിസ്ക് മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ചു.<br><br>കേന്ദ്ര ഏജൻസിയിൽനിന്നും ബോണ്ട് മാർക്കറ്റിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ ഫണ്ട് സംഘടിപ്പിച്ചു. തന്മൂലം ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കാൻ |

| | | |
|---|---|---|
| | | തുടങ്ങി. പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മാണത്തിന് വേഗം കൂട്ടുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 142 സർക്കാർ കരാറുകാർക്കായി 650 കോടി രൂപ വായ്പ അനുവദിച്ചു. ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്ന സംവിധാനം കൂടി ആരംഭിച്ചു. |
| ബി. | കെ.എഫ്.സി. ഈ വർഷം എത്രകോടി രൂപയുടെ വായ്പാ വിതരണമാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | 1200 കോടി |
| സി. | കയർ അടക്കമുള്ള പരമ്പരാഗത മേഖലയുടെ നവീകരണത്തിനായി കെ.എഫ്.സി. കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | കേരളത്തിലെ പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിന്റെ നവീകരണത്തിനായി ചകിരി മില്ലുകൾക്ക് കെ.എഫ്.സി. ഉദാരമായ വ്യവസ്ഥയിൽ 50 ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു. ഇത്തരം സംരംഭങ്ങൾ ഗവൺമെന്റ് സബ്സിഡിക്ക് അർഹരാണ്. |
| ഡി | പുതിയ സ്റ്റാർട്ടപ്പുകൾക്ക് കെ.എഫ്.സി. നൽകുന്ന സാമ്പത്തിക പിന്തുണ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | സ്ഥിരജോലിയില്ലാത്ത 18-35 വയസ്സിനിടയിൽ പ്രായമുള്ള എൻജിനീയറിംഗ് ബിരുദം/ഡിപ്ലോമാ/ ഐ.റ്റി.ഐ/ഹയർ സെക്കൻഡറി എന്നിവ പാസ്സായിട്ടുള്ള നവ സംരംഭകർക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദാരമായ വ്യവസ്ഥയിൽ പ്രോജക്റ്റ് കോസ്റ്റിന്റെ 90% വരെ (പരമാവധി 10 ലക്ഷം രൂപ) കെ.എഫ്.സി വായ്പയായി നൽകുന്നു. ഇതുകൂടാതെ പർച്ചെയ്സ് ഓർഡറുകളുടെ പൂർത്തീകരണത്തിനായി ലളിതമായ വ്യവസ്ഥയിൽ ഒരു കോടി രൂപവരെ വായ്പയായി നൽകുന്നു. |

സെക്ഷൻ ഓഫീസർ